പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 286 12-10-2026-ൽ മറുപടിയ്ക്ക്

കുറ്റിലം പാലം നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മാണി. സി. കാപ്പൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** പാലാ നിയോജകമണ്ഡലത്തിലെ കുറ്റിലം പാലം നിർമ്മാണത്തിന്റെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ;

മറുപടി: മീനച്ചിൽ മുത്തോലി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുറ്റില്ലം പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് പാലാ നിയോജകമണ്ഡലം എം.എൽ.എയുടെ 2023-24 ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 01.03.2024- ൽ 70 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇറിഗേഷൻ വകുപ്പിന്റെ അധികാര പരിധിയിൽ ഉള്ള തോടിന് കുറുകെ പാലം നിർമ്മിക്കേണ്ടതിനാൽ ഇറിഗേഷൻ വകുപ്പിൽ നിന്നും14.01.2025 ൽ എൻ.ഒ.സി ലഭ്യമാക്കി, 21.01.2025 ൽ ളാലം സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ കരാറിൽ ഏർപ്പെടുകയും, 07.04.2025 ൽ സാങ്കേതിക അനുമതി ലഭ്യമാകുകയും ചെയ്തിരുന്നു . ടെണ്ടർ, റീ-ടെണ്ടർ നടപടികൾ കഴിഞ്ഞ് ക്വട്ടേഷൻ നടന്നതിനാൽ കരാറുകാരൻ കരാറിലേർപ്പെടുകയും, 26.02.2026 - ൽ സൈറ്റ് ഹാൻഡ് ഓവർ നല്കുകയും ചെയ്തിരുന്നു. ടി പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സൈറ്റിൽ എത്തി കരാറുകാരന് നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. ടി പ്രവൃത്തി പുരോഗമിക്കുന്നതിനിടയിൽ 26.05.2026 - ൽ കരാറുകാരൻ പാർട്ട് ബിൽ ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം 20.06.2026 വരെ ചെയ്തു നിർത്തിയ പ്രവൃത്തികൾ പൂർണ്ണമായി ഉൾക്കൊള്ളിച്ച് പാർട്ട് ബിൽ തയ്യാറാക്കുകയും, പാർട്ട് ബിൽ തുകയുടെ അലോട്ട്മെന്റ് ലഭ്യമാക്കുകയും തുക അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കുറ്റില്ലം പാലത്തിന്റെ foundation bed, base concrete, abutment one side up to 1.20 m and other abutment up to 2.20 m

height, approach road DR masonry എന്നിവയാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്.

**(ബി)** ഉദ്യോഗസ്ഥരുടെ അലംഭാവം കാരണം പ്രസ്തുത പാലത്തിന്റെ നിർമ്മാണം മന്ദഗതിയിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനും

പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഇല്ല. ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 25.02.2027 വരെ കാലാവധി അനുവദിച്ചിട്ടുള്ളതാണ്. നിശ്ചിത തീയതിയ്ക്കുള്ളിൽ ടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ് എന്ന് പ്രതീക്ഷിക്കുന്നു

**സെക്ഷൻ ഓഫീസർ**